# ഇവരെ ഇനിയും പരീക്ഷിക്കരുത്

മുഖപ്രസംഗം
APRIL 02, 2022 07:13 AM IST

സുവ്യക്തമായ നിയമത്തിന്റെയും അതിനെ അടിസ്ഥാനമാക്കിയുള്ള ഉത്തരവിന്റെയും ആനുകൂല്യം പ്രയോജനപ്പെടാതെ, ആശങ്കയിൽ വലയുകയാണ് പഠനവെല്ലുവിളിയടക്കമുള്ള ഭിന്നശേഷി നേരിടുന്ന ഒട്ടേറെ വിദ്യാർഥികളും അവരുടെ മാതാപിതാക്കളും. വ്യാഴാഴ്ച ആരംഭിച്ച എസ്എസ്എൽസി പരീക്ഷ എഴുതാൻ നിയമപ്രകാരമുള്ള പരീക്ഷാനുകൂല്യം 'പതിനൊന്നാം മണിക്കൂറിൽ' മാത്രം ലഭിച്ച വിദ്യാർഥികളാണു പരീക്ഷാസമ്മർദത്തിനിടയിൽ ഈ കടുത്ത പരീക്ഷണത്തെക്കൂടി നേരിടുന്നത്.

ബുദ്ധിശക്തി പരിശോധനയിൽ (ഐക്യു) ബോർഡർലൈൻ ഇന്റലിജൻസ് സ്കോർ (70 മുതൽ 84 വരെ) ഉള്ള വിദ്യാർഥികൾക്കുകൂടി സ്ക്രൈബിന്റെ (എഴുത്തുസഹായി) സേവനവും അധിക സമയവും അനുവദിച്ച് പൊതുവിദ്യാഭ്യാസ അഡീഷനൽ ഡയറക്ടറുടെ ഉത്തരവിറങ്ങിയതു പരീക്ഷയുടെ തൊട്ടുതലേന്നു മാത്രമാണ്. അതിനാൽതന്നെ ഇവരിൽ നൂറുകണക്കിനു പേർക്ക് ആദ്യ പരീക്ഷയ്ക്ക് ആ പ്രയോജനം ലഭിക്കാതെ പോയി. പല ജില്ലകളിലും ഇതെച്ചൊല്ലി രക്ഷിതാക്കളും സ്കൂൾ അധികൃതരും തമ്മിൽ തർക്കവുമുണ്ടായി.

ഈ വിദ്യാർഥികളും രക്ഷിതാക്കളും പരീക്ഷാനുകൂല്യം ലഭിക്കുമോ എന്ന ആശങ്കയിൽ കഴിഞ്ഞ മാസം 23 വരെ തീ തിന്നുകയായിരുന്നു. നിയമപ്രകാരം അവർക്ക് ഇതിന് അർഹതയുണ്ടെന്നും ഉടൻ പ്രാബല്യത്തോടെ അനുവദിക്കണമെന്നും സംസ്ഥാന ഭിന്നശേഷി കമ്മിഷണർ ഉത്തരവിറക്കിയത് അന്നാണ്. എന്നാൽ, ഇതു സംബന്ധിച്ച അഡീഷനൽ ഡയറക്ടറുടെ ഉത്തരവിറങ്ങിയത് ഒരാഴ്ച വൈകി, 30നു മാത്രമാണ്. ഐക്യു സ്കോർ 70നും 84നും ഇടയിലാണെന്നു കാണിക്കുന്ന ഐക്യു സർട്ടിഫിക്കറ്റ്, മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് എന്നിവ ഉണ്ടെങ്കിൽ സ്ക്രൈബിന്റെ സേവനവും അധികസമയവും അനുവദിക്കാമെന്നാണ് ഉത്തരവിലുണ്ടായിരുന്നത്.

സ്ക്രൈബിനെ അനുവദിക്കാൻ മാസങ്ങൾക്കു മുൻപുതന്നെ അപേക്ഷിച്ചവരാണ് ഈ കുട്ടികളുടെ മാതാപിതാക്കൾ. അന്നു നിരസിക്കപ്പെട്ട അപേക്ഷകൾ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഉറപ്പുവരുത്തിവേണം സ്ക്രൈബിനെ അനുവദിക്കാനെന്നും 30ന് ഇറങ്ങിയ ഉത്തരവിൽ ജില്ലാ വിദ്യാഭ്യാസ

ഓഫിസർമാർക്കു നിർദേശമുണ്ടായി. ഭിന്നശേഷി കമ്മിഷണറുടെ ഉത്തരവുണ്ടായതിന്റെ തൊട്ടടുത്ത ദിനങ്ങളിൽ തന്നെ ഈ ഉത്തരവും ഇറങ്ങിയിരുന്നെങ്കിൽ എല്ലാ കുട്ടികൾക്കും 31നു നടന്ന ആദ്യ പരീക്ഷയ്ക്കുതന്നെ സ്ക്രൈബിനെയും അധിക സമയവും ലഭിക്കാനുള്ള അവസരമൊരുക്കാൻ കഴിയുമായിരുന്നു. ഉത്തരവിലെ ചില വാക്കുകൾ ആശയക്കുഴപ്പമുണ്ടാക്കിയെന്നാണു പല ജില്ലാ വിദ്യാഭ്യാസ ഓഫിസർമാരും സ്കൂൾ അധികൃതരോടും വിദ്യാർഥികളുടെ രക്ഷിതാക്കളോടും തടസ്സമായി പറഞ്ഞത്.

ബോർഡർലൈൻ ഇന്റലിജൻസ് വിഭാഗത്തിൽപെടുന്നവരാണെന്ന പരിശോധനാ സർട്ടിഫിക്കറ്റ് ആദ്യ അപേക്ഷയ്ക്കൊപ്പംതന്നെ വിദ്യാർഥികളിൽ ഭൂരിഭാഗവും ഹാജരാക്കിയിരുന്നു. സർട്ടിഫിക്കറ്റ് ഇല്ലാത്തവരാകട്ടെ കൂടുതൽ വലഞ്ഞു. ഉത്തരവു നേരത്തേ ഇറക്കിയിരുന്നെങ്കിൽ സർട്ടിഫിക്കറ്റ് വാങ്ങാൻ ഇവർക്കു സമയം ലഭിക്കുമായിരുന്നു. ഉത്തരവിൽ മെഡിക്കൽ ബോർഡിന്റെ കാര്യം പരാമർശിച്ചതു കാര്യങ്ങൾ സങ്കീർണമാക്കി. പല സർക്കാർ ആശുപത്രികളിലും മെഡിക്കൽ ബോർഡ് കൂടുന്നതുതന്നെ മാസത്തിലൊരിക്കലോ അതിലധികമോ ഇടവേളയിലാണെന്നതു വിദ്യാഭ്യാസ അധികൃതർക്കും അറിയാത്തതല്ല. കൃത്യമായ പരിശോധനാ സർട്ടിഫിക്കറ്റ് കയ്യിലുള്ള ചിലർക്കുപോലും ഉത്തരവിലെ അവ്യക്തതയുടെ പേരിൽ ആനുകൂല്യം നിഷേധിക്കപ്പെട്ടുവെന്ന പരാതികളുണ്ട്.

ഐക്യു സ്കോർ 85നു മുകളിലുള്ള വിദ്യാർഥികൾക്ക് എസ്എസ്എൽസി പരീക്ഷയിൽ എഴുത്തു സഹായിയെയും വ്യാഖ്യാതാവിനെയും അധികസമയവും അനുവദിക്കപ്പെടുമ്പോൾ അവരെക്കാൾ സ്കോർ കുറഞ്ഞ കുട്ടികൾക്ക് ആ അവകാശം നിഷേധിക്കുന്നതിനു ന്യായീകരണമില്ല. ഇക്കാര്യം മലയാള മനോരമ സമീപകാലത്തു പ്രസിദ്ധീകരിച്ച 'ഇങ്ങനെ ചെയ്യരുത് ഈ മക്കളോട്' എന്ന പരമ്പരയിൽ വ്യക്തമാക്കിയിരുന്നു.

ഉത്തരവിൽ അടിയന്തരമായി വ്യക്തത വരുത്തേണ്ടതുണ്ട്. ജില്ലാ വിദ്യാഭ്യാസ ഓഫിസർമാരുടെ ആശയക്കുഴപ്പം ഒഴിവാക്കാനും അർഹതപ്പെട്ട കുട്ടികൾക്കെല്ലാം ഉത്തരവിന്റെ പ്രയോജനം ലഭിക്കാനും വിദ്യാഭ്യാസ മന്ത്രിയും ആരോഗ്യമന്ത്രിയും നേരിട്ടിടപെടണം. അടുത്ത പരീക്ഷ ആറിനാണു നടക്കുന്നത്. അന്നുമുതലെങ്കിലും ഈ കുട്ടികൾക്കു സർക്കാർ ഉത്തരവിന്റെ പ്രയോജനം ലഭിക്കട്ടെ.

English Summary: SSLC exam help for differently abled students

TAGS: SSLC Examination | SSLC | Differently abled child | Editorial

Advertisement

## MORE IN EDITORIAL

# ഭിന്നശേഷി കുട്ടികളുടെ എസ്എസ്എൽസി പരീക്ഷ: മെഡിക്കൽ ബോർഡുകൾ ഉടൻ ചേരാൻ ഉത്തരവ്

മനോരമ ലേഖകൻ

APRIL 03, 2022 03:08 AM IST

കൊച്ചി ● ബുദ്ധിശക്തി പരിശോധനയിൽ (ഐക്യു) ബോർഡർലൈൻ ഇന്റലിജൻസ് സ്കോറുള്ള (70-84) വിദ്യാർഥികൾക്ക് എസ്എസ്എൽസി പരീക്ഷയിൽ എഴുത്തുസഹായിയെയും അധികസമയവും ഉറപ്പാക്കാൻ ആരോഗ്യവകുപ്പിന്റെ അടിയന്തര ഇടപെടൽ. ഐക്യു പരിശോധനാ സർട്ടിഫിക്കറ്റും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും പരിശോധിച്ച് ഇത് അനുവദിക്കാൻ വിദ്യാഭ്യാസ വകുപ്പു മാർച്ച് 30ന് ഇറക്കിയ ഉത്തരവിന്റെ ഗുണം ലഭിക്കാൻ ഇതോടെ വഴിതുറക്കും.

എല്ലാ ജില്ലകളിലും മെഡിക്കൽ ബോർഡുകൾ ഉടൻ കൂടണമെന്ന് ആരോഗ്യവകുപ്പു ഡയറക്ടർ ഉത്തരവിറക്കി. അഡീ.ഡിപിഐ ഇറക്കിയ ഉത്തരവിന്റെ ഗുണം 6നു നടക്കുന്ന രണ്ടാമത്തെ പരീക്ഷ മുതൽ ഉറപ്പാക്കാനാണു നിർദേശം.

എസ്എസ്എൽസി പരീക്ഷ തുടങ്ങുന്നതിന്റെ തലേന്നു മാത്രം പുറപ്പെടുവിച്ച ഉത്തരവു വിദ്യാർഥികൾക്കു പ്രയോജനപ്പെട്ടില്ലെന്നും ആശയക്കുഴപ്പമുണ്ടാക്കിയെന്നും 'മലയാള മനോരമ' ചൂണ്ടിക്കാട്ടിയിരുന്നു. ഈ വാർത്ത ശ്രദ്ധയിൽപ്പെട്ട സംസ്ഥാന ഭിന്നശേഷി കമ്മിഷണർ എസ്.എച്ച്.പഞ്ചാപകേശൻ അടിയന്തര നടപടിക്ക് ആരോഗ്യവകുപ്പിനോട് അഭ്യർഥിച്ചിരുന്നു.

ബോർഡർലൈൻ വിദ്യാർഥികൾക്കു മെഡിക്കൽ സർട്ടിഫിക്കറ്റുകൾ നൽകാൻ ബോർഡുകൾ തയാറായിരുന്നില്ല. തുടർന്നാണ് കമ്മിഷണർ ഇടപെട്ട് കഴിഞ്ഞ 23ന് ഉത്തരവിട്ടത്.

**പരീക്ഷത്തലേന്നും നെട്ടോട്ടം**

തിരുവനന്തപുരം ● മെഡിക്കൽ ബോർഡ് രൂപീകരിക്കാൻ വെള്ളിയാഴ്ച രാത്രി ഉത്തരവിറങ്ങിയെങ്കിലും ഒരിടത്തും ഇതു ചെയ്തതായി ഇന്നലെ വൈകിട്ടു വ... അറിയിപ്പില്ല. ഇന്ന് അവധിയായതിനാൽ നാളെയും മറ്റന്നാളുമായാകും ജില്ലകളിൽ മെഡിക്കൽ ബോർഡുകൾ ചേരുക. ബുധനാഴ്ച നടക്കുന്ന പരീക്ഷയ്ക്കായി

NEWS Ad

ഒരുങ്ങേണ്ട സമയത്ത് സർട്ടിഫിക്കറ്റിനായി നെട്ടോട്ടമോടേണ്ട ഗതികേടിലാണു രക്ഷിതാക്കൾ.

ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഉണ്ടെങ്കിൽ മാത്രമേ ബോർഡ് രൂപീകരിക്കാനാകൂ. അതിനാൽ ഏതൊക്കെ ആശുപത്രികളിൽ ബോർഡ് ഉണ്ടാകും എന്നതിലും വ്യക്തതയില്ല.

**English Summary:** Medical board meeting regarding sslc exam of differently abled students

TAGS: SSLC Examination

Advertisement

## MORE IN KERALA



കോവിഡ് മരണം കൂടുതൽ ആദ്യ തരംഗത്തിൽ; 27,202



സർക്കാരിനു ചൂടാക്കിയെടുക്കാൻ പഴയൊരു ബിൽ ഫ്രീസറിലുണ്ട്







സിൽവർലൈനിന് അമിത തിടുക്കം; മറ്റു പദ്ധതികൾ ഇഴയുന്നു



പ്രായത്തിനുമേൽ കഥകളി പുറപ്പാട്



മുട്ടിൽ കേസിലെ ഉദ്യോഗസ്ഥന്റെ പുതിയ നിയമനം മുഖ്യന്റെയും വനം മന്ത്രിയുടെയും അറിവോടെ



ഉത്രാടം തിരുനാൾ മാർത്താണ്ഡവർമയുടെ കാർ ഇനി യൂസഫലിക്ക് സ്വന്തം

SHOW MORE

NEWS
Ad

ഇവിടെ പോസ്റ്റു ചെയ്യുന്ന അഭിപ്രായങ്ങൾ മലയാള മനോരമയുടേതല്ല. അഭിപ്രായങ്ങളുടെ പൂർണ ഉത്തരവാദിത്തം രചയിതാവിനായിരിക്കും. കേന്ദ്ര സർക്കാരിന്റെ ഐടി നയപ്രകാരം വ്യക്തി, സമുദായം, മതം,

# എസ്എസ്എൽസി പരീക്ഷയിൽ ഭിന്നശേഷിക്കാർക്ക് സഹായം; ഒഴിയാതെ ആശയക്കുഴപ്പം

സി.കെ.ശിവാനന്ദൻ

APRIL 01, 2022 10:00 AM IST

കൊച്ചി ● പഠനവെല്ലുവിളി നേരിടുന്ന ഭിന്നശേഷി വിദ്യാർഥികളുടെ ബുദ്ധി പരിശോധനയിൽ (ഐക്യു) ബോർഡർലൈൻ ഇന്റലിജന്റ്സ് സ്കോറുള്ളവരെ (70 മുതൽ 84 വരെ) എസ്എസ്എൽസി പരീക്ഷയിൽ സഹായിക്കാൻ പൊതുവിദ്യാഭ്യാസ അഡീഷനൽ ഡയറക്ടർ 'പതിനൊന്നാം മണിക്കൂറിൽ' ഇറക്കിയ ഉത്തരവ് ആശയക്കുഴപ്പത്തിനിടയാക്കി. ഈ വിഭാഗത്തിൽപെടുന്ന നൂറുകണക്കിനു വിദ്യാർഥികളും മാതാപിതാക്കളും അധ്യാപകരും എസ്എസ്എൽസി പരീക്ഷയുടെ ആദ്യദിവസം ആനുകൂല്യം ലഭിക്കാതെ വട്ടംകറങ്ങി. ഈ വിഭാഗക്കാർക്കും പരീക്ഷയെഴുതാൻ സ്ക്രൈബിനെയും (എഴുത്തുസഹായി) അധികസമയവും അനുവദിക്കുന്നതായി അഡീഷനൽ ഡയറക്ടർ ഒപ്പിട്ട ഉത്തരവിറങ്ങിയത് പരീക്ഷ ആരംഭിക്കുന്നതിനു തൊട്ടു തലേന്ന്.

ഐക്യു സ്കോർ 70ൽ താഴെയുള്ള വിദ്യാർഥികളെ 'ബൗദ്ധിക ഭിന്നശേഷി' വിഭാഗത്തിൽപെടുത്തി സ്ക്രൈബിനെ അനുവദിക്കും. 85നു മുകളിൽ സ്കോറുള്ളവരെ എസ്എൽഡി (സ്പെസിഫൈഡ് ലേണിങ് ഡിസബിലിറ്റി) വിഭാഗത്തിൽപെടുത്തി സ്ക്രൈബിനെയോ ഇന്റർപ്രട്ടറെയോ (വ്യാഖ്യാതാവ്) അനുവദിക്കും. അധികസമയവും നൽകും. എന്നാൽ 70നു മുകളിലും 85ൽ താഴെയുമുള്ള നൂറുകണക്കിനു വിദ്യാർഥികൾക്ക് ഒരു ആനുകൂല്യവും നൽകുന്നില്ലെന്ന് 'ഇങ്ങനെ ചെയ്യരുത് ഈ മക്കളോട്' എന്ന പരമ്പരയിലൂടെ രേഖകൾ സഹിതം 'മനോരമ' വെളിപ്പെടുത്തിയിരുന്നു.

കോഴിക്കോട് സ്വദേശിയായ വിദ്യാർഥിയുടെ പിതാവിന്റെ പരാതിയിന്മേൽ സംസ്ഥാന ഭിന്നശേഷി കമ്മിഷണർ എസ്.എച്ച്.പഞ്ചാപകേശൻ സുപ്രീം കോടതി വിധി മുൻനിർത്തി കഴിഞ്ഞ 23ന് ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിലാണു വിദ്യാഭ്യാസ അഡീ.ഡയറക്ടർ 30ന് ഈ വിഭാഗം കുട്ടികൾക്കും സ്ക്രൈബിനെയും അധികസമയവും അനുവദിക്കാമെന്നു നിർദേശിച്ചത്. എന്നാൽ ഈ ഉത്തരവിൽ ആശയക്കുഴപ്പമുണ്ടെന്നു കാണിച്ചു പല സ്കൂളുകളിലും ഇന്നലെ ഇത് അനുവദിച്ചില്ല. ജില്ലാ വിദ്യാഭ്യാസ ഓഫിസുകളിലും ആശയക്കുഴപ്പം തുടർന്നു.

ഐക്യു സ്കോർ 70നും 84നും ഇടയിലാണെന്നു തെളിയിക്കുന്ന ഐക്യു സർട്ടിഫിക്കറ്റ്, മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് എന്നിവ ഉണ്ടെങ്കിൽ സ്ക്രൈബിനെയും അധികസമയവും അനുവദിക്കാം എന്നാണ് ഉത്തരവ്. സ്ക്രൈബിനെ അനുവദിക്കാൻ ഇതിനകം അപേക്ഷിച്ചവരാണ് ഈ കുട്ടികളുടെ മാതാപിതാക്കളെല്ലാം. അവ നിരസിക്കപ്പെട്ടു. നിരസിക്കപ്പെട്ട ഈ അപേക്ഷകൾ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഉറപ്പുവരുത്തി വേണം സ്ക്രൈബിനെ അനുവദിക്കാനെന്നും ഉത്തരവിൽ നിർദേശമുണ്ട്. ഇതോടെ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് നിർബന്ധമാണെന്ന നിലപാടിലായി പല ഡിഇഒമാരും.

പല സർക്കാർ ആശുപത്രികളിലും മെഡിക്കൽ ബോർഡ് കൂടുന്നതുതന്നെ മാസത്തിലോ അതിലധികമോ ഇടവേളയിലാണെന്നിരിക്കെ എങ്ങനെ ആ സർട്ടിഫിക്കറ്റ് എത്തിക്കാനാകുമെന്ന രക്ഷിതാക്കളുടെ ചോദ്യങ്ങൾക്കൊന്നും മറുപടി ലഭിച്ചില്ല. ഫലത്തിൽ കുട്ടികൾ ആവുംവിധം പരീക്ഷയെഴുതേണ്ടി വന്നു. അടുത്ത പരീക്ഷ 6നാണ്. അന്നെങ്കിലും ഉത്തരവിന്റെ പ്രയോജനം ലഭിക്കുമെന്ന പ്രത്യാശയിലാണ് വിദ്യാർഥികളും രക്ഷിതാക്കളും.

- **നിയമമാണ്, പാലിച്ചേ തീരൂ**

'ബോർഡർ ലൈൻ ഇന്റലിജൻസ് വിഭാഗത്തിലുള്ള കുട്ടികൾക്കും പരീക്ഷാ ആനുകൂല്യം ലഭിച്ചേ മതിയാകൂ. അതു നിയമമാണ്. ഈ നിയമപ്രകാരം സുപ്രീം കോടതി സിവിൽ സർവീസ് പരീക്ഷയ്ക്കുപോലും സ്ക്രൈബിനെ അനുവദിച്ചു. അപ്പോൾ എസ്എസ്എൽസി പരീക്ഷയ്ക്കും അതാകാമെന്നതിൽ തർക്കം വേണ്ട.' - എസ്.എച്ച്. പഞ്ചാപകേശൻ (സംസ്ഥാന ഭിന്നശേഷി കമ്മിഷണർ)

**English Summary:** Differently abled students

TAGS: SSLC | SSLC Examination

Advertisement

## MORE IN KERALA



കോവിഡ് മരണം കൂടുതൽ ആദ്യ തരംഗത്തിൽ; 27,202



സർക്കാരിനു ചൂടാക്കിയെടുക്കാൻ




സിൽവർലൈനിന് അമിത തിടുക്കം; മറ്റു പദ്ധതികൾ ഇഴയുന്നു